"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II (ഇലക്ട്രിക്കൽ) തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. ഹർഷ് വിശാഖ് വി. യ്ക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.63/2024/HSG തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:-

1. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 03.09.2024 തീയിതിയിലെ KSHB-HO/359/2023 - AdII(C) നമ്പർ നടപടിക്രമം
2. മാർ അത്തനേഷ്യസ് കോളേജ് ഓഫ് എഞ്ചിനീയറിങ് പ്രിൻസിപ്പലിന്റെ 10.09.2024 തീയതിയിലെ B2-456/11 നമ്പർ കോഴ്സ് സർട്ടിഫിക്കറ്റ്
3. ശ്രീ. ഹർഷ് വിശാഖ് വി. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച 11.09.2024, 23.09.2024 തീയതികളിലെ അപേക്ഷകൾ
4. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 14.10.2024 തീയതിയിലെ KSHB-HO/359/2023-AD2(C) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II (ഇലക്ട്രിക്കൽ) തസ്തികയിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ലഭിച്ച ശ്രീ. ഹർഷ് വിശാഖ് വി. യ്ക്ക് പരാമർശം (1) പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി നിയമന ഉത്തരവ് നൽകിയിരുന്നു. ശ്രീ. ഹർഷ് വിശാഖ് വി. നിലവിൽ എം.ടെക് മൂന്നാം സെമസ്റ്റർ വിദ്യാർത്ഥിയാണെന്നും 2025 മാർച്ച് മാസം മാത്രമേ കോഴ്സ് പൂർത്തിയാവുകയുള്ളൂവെന്നും കോഴ്സ് പൂർത്തിയാക്കുന്നതിനായി ജോലിയിൽ പ്രവേശിക്കുന്നതിന് ആറ് മാസത്തെ സമയം ദീർഘിപ്പിച്ച് നൽകണമെന്നുള്ള ടിയാളുടെ പരാമർശം (3) പ്രകാരമുള്ള അപേക്ഷ, പരാമർശം (4) പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അനുമതിയ്ക്കായി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ശ്രീ. ഹർഷ് വിശാഖ് വി. നിലവിൽ എം.ടെക് മൂന്നാം സെമസ്റ്റർ വിദ്യാർത്ഥിയാണെന്നും രണ്ട് വർഷ കോഴ്സിന്റെ നാലാം സെമസ്റ്റർ പരീക്ഷ 2025 മെയ്/ജൂൺ മാസങ്ങളിൽ നടക്കുമെന്നും പരാമർശം (2) പ്രകാരം കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവനനിർമ്മാണ

ബോർഡിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II (ഇലക്ട്രിക്കൽ) തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. ഹർഷ് വിശാഖ് വി. യ്ക്ക് നിലവിൽ തുടർന്ന് വരുന്ന എം.ടെക് കോഴ്സ് പൂർത്തിയാക്കുതിനായുള്ള സൗകര്യാർത്ഥം നിയമന ഉത്തരവ് തീയതിയായ 03.09.2024 മുതൽ 02.03.2025 വരെ ആറു മാസത്തേക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള പ്രവേശനസമയം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാഗേഷ്.ഡി
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
ശ്രീ. ഹർഷ് വിശാഖ് വി., അരിക്കപ്പിള്ളിൽ ഹൗസ്, പെരിങ്ങഴ, പെരുമ്പള്ളൂർ, എറണാകുളം - 686673.(കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 14-11-2024 11:17:15
സെക്ഷൻ ഓഫീസർ